The Heavenly Light Ministry

1. അനുഗ്രഹത്തിന്നധിപതിയെ! അനന്തകൃപാ പെരുംനദിയെ
അനുദിനം നിൻ പദംഗതിയേ അടിയാനു നിൻ കൃപ മതിയെ
2. വൻ വിനകൾ വന്നിടുകിൽ വലയുകയില്ലെൻ ഹൃദയം
വല്ലഭൻ നീയെന്നഭയം, വന്നീടുമോ പിന്നെ ഭയം
3. തന്നുയിരെ പാപികൾക്കായ് തന്നവനാം നീയിനിയും
തള്ളിടുമോ ഏഴയെന്നെ? തീരുമോ നിൻ സ്നേഹമെന്നിൽ
4. തിരുക്കരങ്ങൾ തരുന്ന നല്ല ശിക്ഷയിൽ ഞാൻ പതറുകില്ല
മക്കളെങ്കിൽ ശാസനകൾ സ്നേഹത്തിൻ പ്രകാശനങ്ങൾ
5. പാരിടമാം പാഴ്മണലിൽ പാർത്തിടും ഞാൻ നിൻതണലിൽ
മരണദിനം വരുമളവിൽ മറഞ്ഞിടും നിൻ മാറിടത്തിൽ

M.E.C.